മാർച്ച് 11, 2014

# എംപിമാരുടെയും എംഎൽഎമാരുടെയും കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതു സംബന്ധിച്ച്

**അരുൺ ജെയ്റ്റ്ലി,**
(പ്രതിപക്ഷ നേതാവ്, രാജ്യസഭ)

'പബ്ലിക് ഇന്റർനെറ്റ് ഫൗണ്ടേഷൻഎന്ന എൻജിഒ നൽകിയ ഹർജിയുടെ അടിസ്ഥാനത്തിൽ, രണ്ടോ അതിൽക്കൂടുതലോ വർഷം ശിക്ഷ ലഭിക്കാവുന്ന അഴിമതിയോ മറ്റു ഗുരുതര കുറ്റകൃത്യങ്ങളോ ചെയ്തിട്ടുള്ള എംപിമാർക്കോ എംഎൽഎമാർക്കോ വിചാരണക്കേസ് ചാർജ് ചെയ്ത് ഒരുവർഷത്തിനുള്ളിൽ പൂർത്തീകരിക്കണമെന്ന് സുപ്രീം കോടതി ഇടക്കാല ഉത്തരവിട്ടു. എന്തെങ്കിലും കാരണവശാൽ ഒരു വർഷത്തിനുള്ളിൽ വിചാരണ പൂർത്തീകരിക്കാൻ കഴിഞ്ഞില്ലെങ്കിൽ, വിചാരണ നടത്തുന്ന ജഡ്ജി ഹൈക്കോടതിയിലെ ചീഫ് ജസ്റ്റിസിന് കാരണം ബോധിപ്പിച്ചിരിക്കണം.

ഇന്ത്യൻ ഭരണ സംവിധാനം അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നമാണ് രാഷ്ട്രീയരംഗത്തെ കുറ്റകൃത്യം. കുറ്റകൃത്യ പശ്ചാത്തലമുള്ളവർക്കും കുറ്റപത്രത്തിൽ ഉൾപ്പെട്ടിട്ടുള്ളവർക്കും തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ രാഷ്ട്രീയപാർട്ടികൾ അനുമതി നൽകുന്നു എന്നുള്ളതാണ് വിരോധാഭാസം. ഇത് ഇന്ത്യൻ രാഷ്ട്രീയത്തിന്റെ നിലവാരത്തെക്കുറിച്ചും നിയമനിർമ്മാണസഭകളിലെത്തുന്ന അംഗങ്ങളുടെ മേന്മയെക്കുറിച്ചും ജനങ്ങളുടെ ഇടയിൽ ആശങ്കയ്ക്ക് വഴിയൊരുക്കുന്നു. തെരഞ്ഞെടുപ്പ് കമ്മിഷനും നിയമ കമ്മീഷനും ഇതിന് ലളിതമായ ഒരു പരിഹാരമാർഗ്ഗം നിർദ്ദേശിക്കുന്നുണ്ട്.

ഇവരുടെ വാദത്തിൽ ഒരു വ്യക്തിയുടെ മേൽ ഏതെങ്കിലും കുറ്റകൃത്യം ചുമത്തിക്കഴിഞ്ഞാൽ ആ വ്യക്തി ഒരു കാരണവശാലും തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ യോഗ്യനല്ല. എന്നാൽ ഭരണഘടനയും ജനപ്രാതിനിധ്യനിയമവും അനുശാസിക്കുന്നത്, ശിക്ഷിക്കപ്പെട്ട വ്യക്തിയെ തെരഞ്ഞെടുപ്പിൽ നിന്ന് പൂർണ്ണമായി ഒഴിവാക്കപ്പെടണമെന്നാണ്. അതേസമയം കുറ്റം ആരോപിക്കപ്പെട്ട വ്യക്തിയെ ഒരു കാരണവശാലും തെരഞ്ഞെടുപ്പിൽ നിന്ന് ഒഴിവാക്കാൻ പാടില്ലെന്നും വ്യക്തമാക്കുന്നു. ഇത് നിയമാനുശാസനകൾക്കും പൊതുജനാഭിപ്രായത്തിനുമിടയ്ക്ക് അകലം സൃഷ്ടിക്കുന്നു.

ഈ വിഷയത്തെക്കുറിച്ച് രാഷ്ട്രീയപ്പാർട്ടികൾക്കിടയിൽ ചർച്ചകൾ നടന്നെങ്കിലും അവയൊന്നും പ്രശ്നത്തിന് പരിഹാരമായിരുന്നില്ല. നിയമമനുസരിച്ച് ഒരു വ്യക്തിയെ കുറ്റക്കാരനാണെന്ന് തെളിയുന്നതുവരെ നിരപരാധിയായി കാണണമെന്നും കുറ്റം ആരോപിക്കപ്പെട്ട വ്യക്തിയെ അപരാധിയായി കണക്കാക്കാൻ കഴിയില്ലെന്നും എല്ലാ രാഷ്ട്രീയപ്പാർട്ടികളും വാദിച്ചു. ക്രമസമാധാനം സംസ്ഥാന വിഷയമായതുകൊണ്ട് രാഷ്ട്രീയപ്പക തീർക്കുന്നതിന് പല സംസ്ഥാനങ്ങളും രാഷ്ട്രീയ പ്രതിയോഗികളെ കള്ളക്കേസുകളിൽ കുടുക്കാറുണ്ട്. കുറ്റം തെളിയിക്കുന്നതിനു മുമ്പ് കോടതി പ്രഥമദൃഷ്ട്യാ തെളിവുകൾ പരിശോധിക്കാറുണ്ട്.

എൻഡിഎ ഭരണകാലത്ത് സർക്കാർ ഏതാണ്ട് പകുതിയോളം നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ടായിരുന്നു. ഹീനമായ കുറ്റങ്ങളുടെ കാര്യത്തിൽ ഒരു പ്രത്യേക ബില്ലുതന്നെ ഗവൺമെന്റ് തയ്യാറാക്കിയിരുന്നു. ഏതെങ്കിലും വ്യക്തിയുടെ മേൽ ഹീനമായ രണ്ടു കുറ്റങ്ങൾ ചുമത്തുകയാണെങ്കിൽ ആ വ്യക്തിയെ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിൽ നിന്നും അയോഗ്യനാക്കണമെന്ന തീരുമാനവുമുണ്ടായി. എന്നാൽ എൻഡിഎ കൊണ്ടുവന്ന ഈ തീരുമാനത്തെ മറ്റു രാഷ്ട്രീയപ്പാർട്ടികൾ തള്ളിക്കളഞ്ഞു.

എന്താണ് ഇതിനൊരു പരിഹാരം?

ഗവൺമെന്റിന് ഈ സാഹചര്യത്തിൽ കാഴ്ചക്കാരനായി നോക്കിനിൽക്കാൻ കഴിയുമോ? എന്നാൽ, സുപ്രീംകോടതി ഇതിന് ഒരു പരിഹാരം നിർദ്ദേശിച്ചു. അതനുസരിച്ച് കുറ്റക്കാരനാണെന്ന് തെളിയുംവരെ അയാൾ നിരപരാധിയായിരിക്കും. കൃത്രിമ കുറ്റംചുമത്തലുകളിൽ നിന്ന് അയാളെ സംരക്ഷിക്കുന്നതിനോടൊപ്പം തെരഞ്ഞെടുപ്പിൽനിന്ന് തടയാനും കഴിയില്ല. അതേസമയം രാഷ്ട്രീയപ്രവർത്തകനോ എംപിക്കോ എംഎൽഎയ്ക്കോ വിചാരണ താമസിപ്പിക്കുന്നതിന് യാതൊരു അവകാശവും ഉണ്ടായിരിക്കുകയില്ല. ആ വ്യക്തി പൊതുപ്രവർത്തകനാണെങ്കിൽ സംശയങ്ങൾക്ക് അതീതനായിരിക്കുകയും വേണം. അയാളുടെ വിചാരണ ദിവസേന നടത്തേണ്ടതും ഒരു വർഷത്തിനുള്ളിൽ പൂർത്തിയാക്കേണ്ടതുമാണ്. അതിനു കഴിഞ്ഞില്ലെങ്കിൽ വ്യക്തമായ കാരണങ്ങൾ ബോധിപ്പിക്കണം.

ഒരു വ്യക്തി കുറ്റവാളിയാണെന്ന് തെളിയുന്നതുവരെ അയാൾ നിരപരാധിയാണെന്നുള്ള സങ്കൽപ്പം സുപ്രീംകോടതി ഉയർത്തിപ്പിടിക്കുന്നു. ഇതോടൊപ്പം തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളെ സൂക്ഷ്മനിരീക്ഷണത്തിനും വിധേയരാക്കുന്നു. ഞാൻ ഈ ഉത്തരവിനെ സ്വാഗതം ചെയ്യുന്നു. ഇത് ശരിയായ ദിശയിലേക്കുള്ള കാൽവയ്പാണ്.